# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - സർക്കാർ സംഗീത കോളേജിൽ ലക്ചറർ ഇൻ മൃദംഗം തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നം: ബി 3/1097/2018/കോ.വി.വ** **തീയതി: 25/05/2018**

---

**പരാമർശം:- 10/04/2018 -ലെ തിരുവനന്തപുരം പി.എസ്.സി ആഫീസിൽ നിന്നുള്ള RID (3) 15408/2017/GW നമ്പരായുള്ള നിയമന ശുപാർശ.**

## ഉത്തരവ്

മേൽ പരാമർശിച്ച കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഡൈ്വസ് ചെയ്ത താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ 19240 - 34500 (Pre-revised) 36600 - 79200 (Revised) രൂപ ശമ്പള സ്കെയിലിൽ മൃദംഗം വിഭാഗം ലക്ചററായി അവരുടെ പേരിനെതിരെ ചേർത്ത ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവ്വീസ് റൂൾ (8) (സി) യ്ക്ക് വിധേയമായിരിക്കും. നിയമനം ലഭിച്ചയാൾ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സഹിതം 2018 ജൂൺ ഒന്നാം തീയതി മുതൽ 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതും അപ്രകാരം പ്രവേശിക്കാത്ത പക്ഷം നിയമന ഉത്തരവ് റദ്ദു ചെയ്യുന്നതുമാണ്.

| ക്രമ നം. | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു |
|---|---|---|---|---|
| 1 | ANEESH KUMAR K<br>KUREEKATTIL HOUSE<br>KUTTEMPEROOR<br>MANNAR<br>ALAPPUZHA<br>KUTTEMPEROOR P O<br>PIN – 689 623<br>(O C) | M P A<br>(Mridangam)<br>Ph.D<br>(Music) | 01/12/1985 | പാലക്കാട് ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിൽ നിലവിലുള്ള ഒഴിവിൽ |

ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം (2) ക്ലോസ് (1) അനുസരിച്ച് തീർത്തും താല്ക്കാലികമായിരിക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടിനും വിധേയമായിരിക്കും. കമ്മീഷന്റെ പരിശോധനാ റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതായിരിക്കും.

5117403

GOVERNMENT OF KERALA 2017-18

നിലവിലെ ജനനതീയതിയിൽ എന്തെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് പരിഹരിക്കുന്നതിലേയ്ക്കായി നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച് അഞ്ച് വർഷത്തിനകം ഉചിത മാർഗേന അപേക്ഷ നൽകേണ്ടതതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07/01/2013 -ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നം. 20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

**ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

1. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, വൺടൈം, വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ പരിശോധിക്കേണ്ടതാണ്.
2. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
3. ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ ഫോട്ടോയും ഒപ്പും ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്. തിരിച്ചറിയൽ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും അയച്ച് തരേണ്ടതാണ്.
4. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള പോലീസ് വെരിഫിക്കേഷനായിട്ടുള്ള പ്രൊഫോർമയുടെ രണ്ട് എണ്ണവും, പി.എസ്.സി വെരിഫിക്കേഷനുള്ള പ്രൊഫോർമകളും പൂരിപ്പിച്ച് വാങ്ങേണ്ടതും, പി.എസ്.സി വെരിഫിക്കേഷനുള്ള പ്രൊഫോർമ മൂന്ന് പകർപ്പുകൾ അയച്ച് തരേണ്ടതാണ്. (ഒരു പകർപ്പിൽ മാത്രം പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം) പോലീസ് വെരിഫിക്കേഷനുള്ള പ്രൊഫോർമ രണ്ട് പകർപ്പുകൾ ലഭ്യമാക്കണം (പ്രൊഫോർമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.)
5. ഉദ്യോഗാർത്ഥി ഹാജരാക്കുന്ന ഒറിജിനൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഒപ്പും, ഫോട്ടോയും ശരിയാണെന്ന് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തി, ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് ശരിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി ഈ ഓഫീസിലേയ്ക്ക് അയച്ച് തരേണ്ടതാണ്.

GOVERNMENT OF KERALA 2017-18

6. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ആ വിവരം ഉടൻ തന്നെ അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും, ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
(ഇൻ ചാർജ്)

പകർപ്പ്:-
1) ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് (രജിസ്റ്റേഡ് വിത്ത് അക്നോളജ്മെന്റ്)
2) ബന്ധപ്പെട്ട പ്രിൻസിപ്പാളിന് (രജിസ്റ്റേഡ് വിത്ത് അക്നോളജ്മെന്റ്)
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
4) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 25/5/18

GOVERNMENT OF KERALA 2017-18